പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1425 — 15.06.2012 ൽ മറുപടിയ്ക്ക്

**രാസവളങ്ങളുടെ ദൗർലഭ്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 2011 വർഷത്തിലെ രാസവളങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) കേന്ദ്ര ഗവൺമെന്റിൽ നിന്ന് പൊട്ടാഷ്, യൂറിയ ഇടങ്ങിയ രാസവളങ്ങൾ മതിയായ തോതിൽ അനുവദിച്ചു കിട്ടുന്നതിന് കൃഷിവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ? | (ബി) ഓരോ വർഷവും ഖാരിഫ് (ഏപ്രിൽ-സെപ്റ്റംബർ) റാബി (ഒക്ടോബർ-മാർച്ച്) എന്നീ രണ്ട് സീസണുകളിലായി സംസ്ഥാനത്തിന്റെ രാസവളങ്ങളുടെ ആവശ്യകത കണക്കാക്കി കേന്ദ്രസർക്കാരിൽ അറിയിക്കുകയും കേന്ദ്ര ഗവൺമെന്റ് ആയത് അംഗീകരിക്കുകയും അതനുസരിച്ച് ഓരോ മാസവും കേന്ദ്രം രാസവളത്തിന് സംസ്ഥാന ക്വാട്ട അനുവദിക്കുകയും ചെയ്യുന്നു. ഇതുപ്രകാരം ഓരോ വളത്തിനും ജില്ല തിരിച്ചും, കമ്പനി തിരിച്ചുമുള്ള സപ്ലൈ പ്ലാൻ തയ്യാറാക്കി കേന്ദ്ര രാസവള മന്ത്രാലയത്തിന് ലീഡ് ഫെർട്ടിലൈസർ സപ്ലയർ (എൽ.എഫ്.എസ്.) വഴി സംസ്ഥാനം നൽകുകയും അതനുസരിച്ച് റെയിൽമാർഗ്ഗവും, റോഡുമാർഗ്ഗവും കമ്പനികൾ രാസവളം ഡീലർമാർക്ക് എത്തിക്കുകയും ചെയ്യുന്നു. കേന്ദ്രസർക്കാർ നടത്തുന്ന പ്രതിവാര വീഡിയോ കോൺഫറൻസിൽ ഓരോ ആഴ്ചയിലെയും കേരളത്തിലെ രാസവള ലഭ്യത സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പ് കേന്ദ്ര രാസവള മന്ത്രാലയത്തെ ധരിപ്പിക്കാറുണ്ട്. കൂടാതെ രാസവള ക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരുമായി രേഖാമൂലം ഉടനടി ബന്ധപ്പെടുകയും ദൗർലഭ്യം പരിഹരിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ